പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3348 13.03.2017-ലെ മറുപടിക്ക്

## പത്തനംതിട്ട കെ.എസ്.ആർ.ടി.സി ടെർമിനൽ

ചോദ്യം

ശ്രീമതി. വീണാ ജോർജ്ജ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പത്തനംതിട്ടയിൽ നിർമ്മിക്കുന്ന കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ നിർമ്മാണ പ്രവൃത്തി കരാർവ്യവസ്ഥ പ്രകാരം ഏതു വർഷമാണ് പൂർത്തീകരിക്കേണ്ടത്; | (എ) | 2017 ആഗസ്റ്റ് മാസമാണ് പൂർത്തീകരിക്കേണ്ടത്. |
| (ബി) | ടെർമിനലിനായി എത്ര കോടി രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്; | (ബി) | പ്ലാൻ ഫണ്ട് അനുവദിച്ചിട്ടില്ല. |
| (സി) | ടെർമിനൽ പണി പൂർത്തിയാക്കുന്നത് ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ്; | (സി) | സർക്കാരിൽ നിന്നും സ്പെഷ്യൽ പാക്കേജ് വഴി രണ്ട് കോടി രൂപയും എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 2,17,00,000/- രൂപയും, കടകൾ ലേലം ചെയ്ത് ലഭിക്കുന്ന പലിശ രഹിത നിക്ഷേപവും ചേർത്ത് പൂർത്തിയാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) | നിലവിലെ ജോലിയുടെ പുരോഗതി അനുസരിച്ച് ടെർമിനൽ ഏത് വർഷം പ്രവർത്തനത്തിന് സജ്ജമാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കരാറുകാരന് കുടിശ്ശികയായി നൽകാനുള്ള തുക നൽകുന്ന മുറയ്ക്ക് സിവിൽ ജോലികൾ 2017 ഡിസംബറോടുകൂടി പൂർത്തിയാക്കുന്നതായിരിക്കും. Electrical, Fire Fighting എന്നീ അനുബന്ധ പണികളും കൂടി പൂർത്തിയാക്കി ഉദ്ദേശം മാർച്ച് 2018-നു മുൻപ് പൂർത്തീകരിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ